ഉത്തരം

(എ) ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ലഭ്യ തക്കുറവും പൊതുജനങ്ങളുടെ ഭാഗത്തുനിന്നുള്ള എതിർപ്പും കാരണം തിരുവ നന്തപുരം നഗരത്തിൽ ചില ഭാഗങ്ങളിൽ യഥാസമയം മാലിന്യങ്ങൾ നീക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഇപ്പോൾ താൽക്കാലികമായി ചവറു നിക്ഷേപിക്കുന്നതിന് ചില സ്ഥലങ്ങൾ കണ്ടെത്തുകയും കൂടിക്കിടക്കുന്ന ചവർ നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഗുരുതരമായ അഴിമതി നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) "ക്ലീൻ സിറ്റി ഗ്രീൻ സിറ്റി" പദ്ധതിക്ക് നഗരസഭ 16 ലക്ഷം രൂപാ ചെലവഴിച്ചിട്ടുണ്ട്. സ്വകാര്യവ്യക്തികളിൽ നിന്നോ സന്നദ്ധ സംഘടനക ളിൽനിന്നോ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നോ "ക്ലീൻ സിറ്റി ഗ്രീൻ സിറ്റി" പദ്ധതിക്ക് തുകയൊന്നും ലഭിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) നഗരസഭ ചെലവാക്കിയ തുക കൺകറണ്ട് ആഡിറ്റിനു വിധേ യമാക്കിയിട്ടുണ്ട്.

(ജി) പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഗുരുതരമായ അഴിമതി നടന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടില്ല.

(എച്ച്) ഇപ്പോൾ ഉദ്ദേശമില്ല.

തിരുവനന്തപുരം നഗരത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സംവിധാനം

114 (2171)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ചപ്പുചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിൽ ജീവനക്കാരുടെ അനാസ്ഥ കാരണം നഗരവാസികൾ അനുഭവിക്കുന്ന കഷ്ടത കാണാൻ നടപടി സ്വീകരിക്കുമോ;

(ബി) ജോലിയിൽ അനാസ്ഥ കാണിക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) തിരുവനന്തപുരം നഗരത്തിലെ ചപ്പുചവറുകളും മാലിന്യ ങ്ങളും യഥാസമയം നീക്കം ചെയ്യുന്നതിന് നഗരസഭ നടപടികൾ കൈക്കൊ ള്ളുന്നുണ്ട്. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥലം ലഭ്യമല്ലാത്തതി നാൽ ചിലപ്പോൾ കാലതാമസം ഉണ്ടാകാറുണ്ട്. മാലിന്യങ്ങൾ നീക്കം ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിൽ ജീവനക്കാർ അനാസ്ഥ കാട്ടിയാൽ അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നുണ്ട്.

തിരുവനന്തപുരം നഗരശുചീകരണത്തിനുവേണ്ടി വാങ്ങിയ കോംപാക്ടറുകൾ

115 (2172)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരശുചീകരണത്തിനുവേണ്ടി എത്ര "കോംപാക്ടറുകൾ" തിരുവനന്തപുരം കോർപ്പറേഷൻ വാങ്ങിയിട്ടുണ്ട്;

(ബി) ഈ ഉപകരണം നിർമ്മിച്ചു സപ്ലൈ ചെയ്ത കമ്പനി ഏതാണ്;

(സി) ഈ ഉപകരണം കോർപ്പറേഷനുവേണ്ടി വാങ്ങി സപ്ലൈ ചെയ്ത അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ഇതിനായി എത്ര രൂപ അഡ്വാൻസ് നൽകി;

(ഡി) ഈ ഇടപാടിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ലഭിച്ച കമ്മീഷൻ എത്ര ശതമാനമാണ്;

(ഇ) ഓരോ ഉപകരണത്തിനും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് തിരുവനന്തപുരം കോർപ്പറേഷൻ നൽകിയ വിലയെത്രയാണ്;

(എഫ്)ഈ ഉപകരണം പ്രയോജനമുള്ളതല്ല എന്ന അഭിപ്രായം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) വാങ്ങിയതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിപ്പിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരശുചീകരണത്തിന് ഒരു കോംപാക്ടർ വാങ്ങിയിട്ടുണ്ട്.

(ബി) ഡൽഹിയിലുള്ള എയർടെക് കമ്പനി.

(സി) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ഇതിനുവേണ്ടി അഡ്വാൻസ് നൽകിയിട്ടില്ല.

(ഡി)&(ഇ) ബാധകമല്ല

(എഫ്) പ്രയോജനപ്രദമാണ്.

(ജി) ഒരെണ്ണം വാങ്ങി. അത് പ്രവർത്തിപ്പിക്കുന്നുണ്ട്.

പാർവ്വതീ പുത്തനാർ സ്കീമിന്റെ ചെലവ്

116 (2173)ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly